# ഗവൺമെന്റ് ഹൈസ്കൂൾ പേരിയ
# വയനാട്



# e-താളുകൾ

DIGITAL MAGAZINE

# ഡിജിറ്റൽ മാഗസിൻ 2023–24
# ഗവണ്മെന്റ് ഹൈസ്കൂൾ പേരിയ

ചീഫ് എഡിറ്റർ : ജോസഫ് മാനുവൽ
സ്റ്റാഫ് എഡിറ്റർ :ശുഭ എം
സ്റ്റുഡന്റ് എഡിറ്റർ :രാഹുൽ ശ്രീജേഷ്
സ്റ്റുഡന്റ് സബ് എഡിറ്റർ : ഐശ്വര്യ മനോജ്
പത്രാധിപ സമിതി : വിനോദ് കുമാർ യു
ഷീന വി
പ്രിൻസി വി പി
കവർ പേജ് : ബേസിൽ ഷിബു

# സന്ദേശം

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് " e–തളുകൾ" എന്ന പേരിൽ ഒരു ഡിജിറ്റൽ പതിപ്പ് ഇറങ്ങുന്നു എന്നറിഞ്ഞതിൽ അഭിമാനവും സന്തോഷവും തോന്നുന്നു . കുട്ടികളുടെ സർഗാത്മക കഴിവുകളും സാങ്കേതിക വിദ്യയും സമന്വയിപ്പിക്കുന്ന ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. നന്മകൾ ഭവിക്കട്ടെ ...



ജോസഫ് മാനുവൽ
ഹെഡ്മാസ്റ്റർ
ഗവണ്മെന്റ് ഹൈസ്കൂൾ പേരിയ

സന്ദേശം

ഡിജിറ്റൽ മാഗസിൻ അതിമനോഹരം . 2023–24വർഷം പേരിയ  ഗവണ്മെന്റ്  ഹൈസ്കൂളിന് അഭിമാന
വർഷമായിരുന്നു . ഈ സന്തോഷത്തിന് നിറച്ചാർത്തായി നമ്മുടെ സ്വന്തം ഡിജിറ്റൽ മാഗസിൻ . തിരക്ക് നിറഞ്ഞ
ഈ വർഷാന്ത്യത്തിൽ  സുന്ദരമായ  ഈ  മാഗസിനും അണിയറശിൽപികൾക്കും സ്നേഹത്തിൻ്റെ കയ്യൊപ്പ്....



വിനോദ് കുമാർ
സീനിയർ അസിസ്റ്റന്റ്
HST ഹിന്ദി
GHS പേരിയ

# ഉള്ളടക്കം

കുത്തിവര ..........08
MY HOBBY..........09
ശ്രീബുദ്ധൻ ..........10
പഴഞ്ചൊല്ലിൽ പതിരില്ല ..........11
പുതുമഴ ..........12
ഞാനറിയാതെ ..........13
PENCIL DRAWING..........14
രിക്കുസുത്താക്കയിലെ പൈൻ മരം ..........15
ചെമ്പരത്തി ..........16
ഞാവൽ മരം ..........17
ആഘോഷങ്ങളിലൂടെ ..........18
നന്ദി ..........19

# മുഖമൊഴി

എണ്ണമറ്റ വഴികൾ ചവിട്ടി നടക്കേണ്ട കുഞ്ഞുങ്ങളുടെ അനുഭവാവതരണത്തിന്റെ മൊട്ടുകൾ ഒരു ഡിജിറ്റൽ മാഗസിൻ ആയി രൂപപ്പെടുന്നു .തിരസ്കരിക്കപ്പെടാതെ, അവഗണിക്കപ്പെടാതെ തുടക്കങ്ങൾ വിരിയാനും വിത്താകാനും ഇത്തരം മാഗസിനുകൾ വഴിവിളക്കുകൾ ആകട്ടെ .ബാല്യങ്ങളുടെ സർഗാത്മകതയും സ്വപ്നങ്ങളും നിറങ്ങളായും വരകളായും അക്ഷരങ്ങളായും അവതരിക്കുന്ന ഈ കുഞ്ഞു യാത്രക്ക് മംഗളങ്ങൾ ......



# ആശംസ


e-തളുകൾ എന്ന പേരിൽ ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗവാസനകളുടെ കലവറ ആണെന്നതിൽ സംശയമില്ല. എല്ലാ ആശംസകളും.



ജയ്ജിത് എം
സ്റ്റാഫ് സെക്രട്ടറി

# കുത്തിവര

എനിക്കൊരു പെൻസിൽ വേണം
വരയാനൊരു പുസ്തകവും
വരയേണ്ടത് അക്ഷരങ്ങളല്ല
ചിത്രങ്ങളുമല്ല
വെറും കുത്തിവര
ലക്ഷ്യമില്ലാതെ ,
ലക്ഷ്യബോധമില്ലാതെ
എന്തൊക്കെയോ വരയുന്നു
വടിവില്ല നയമില്ല
എന്തെന്നറിയുന്നില്ല
എങ്കിലും വരയുന്നു
അക്ഷരങ്ങളല്ല ചിത്രങ്ങളല്ല
വികല വികാരങ്ങളാണെന്നു
കാഴ്ചക്കാരൻ പറയുന്നു
തെറ്റേത് , തെറ്റിയതെവിടെ –
തിരുത്താൻ എവിടെയെങ്കിലും
ആർക്കെങ്കിലും തോന്നുന്നുവോ ...



# MY HOBBY

How did you spend your free time? Cooking, fishing, reading, gardening...? Among these, my hobby is gardening, do you Like gardening? Gardens come in all shapes and sizes. Starting a garden from scratch can be overwhelming, but with a little planning, we can make it a lot easier. The first thing to plan about is what to plant. Plant what you like it can make the process a lot easier and more satisfying. You can plant flowers if you like but if you are allergic to flowers you can grow fruits and vegetables. The next step is to find a good place for your garden. A location that is fairly flat and has good sunlight access. If you are leaving in an apartment you can grow plants on your balcony. Now you can start growing plants, and in a few months, you will have beautiful flowers and veggies. Share them with your family, friends, neighbours and people who are in need of help.



**IF YOU TRULY LOVED YOURSELF,**
**YOU COULD NEVER HURT ANOTHER...**





## പഴഞ്ചൊല്ലിൽ  പതിരില്ല ....

* അധികമായാൽ അമൃതും വിഷം
* ചൊട്ടയിലെ ശീലം ചുടല വരെ
* താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും
* പലതുള്ളി പെരുവെള്ളം
* വിത്തു ഗുണം പത്തു ഗുണം
* വിദ്യാധനം സർവധനാൽ പ്രധാനം
* സമ്പത്ത് കാലത്തു തൈ പത്തു വെച്ചാൽ
ആപത്തു കാലത്തു കാ പത്തു തിന്നാം
* പയ്യെതിന്നാൽ പനയും തിന്നാം
* നിറകുടം തുളുമ്പില്ല
* വിതച്ചതു കൊയ്യും
* പൊന്നിൻ കുടത്തിനു പൊട്ടു വേണ്ട
* നനഞ്ഞിടം കുഴിക്കരുത്
* തീയിൽ കുരുത്തത് വെയിലത്ത് വാടില്ല
* കണ്ടാലറിയാത്തവൻ കൊണ്ടാലറിയും
* അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
* സദ്യ മറന്നാലും പട്ടിണി മറക്കില്ല
* അണ്ണാൻ കുഞ്ഞും തന്നാലായത്
* ഉള്ളതുകൊണ്ട് ഓണം പോലെ
എറിഞ്ഞ കല്ലും പറഞ്ഞ  വാക്കും
തിരിച്ചെടുക്കാനാവില്ല
* പുത്തനച്ചി പുരപ്പുറം തൂക്കും
* പുകഞ്ഞ കൊള്ളി പുറത്ത്
* പത്തായം പെറും

*ചക്കി കുത്തും അമ്മ വെക്കും ഉണ്ണി ഉണ്ണും
* പതിരില്ലാത്ത കതിരില്ല
* പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ അവിടെ പന്തം കൊളുത്തി പട
* തീയില്ലാതെ പുകയില്ല
* കയ്യൂക്കുള്ളവൻ കാര്യക്കാരൻ
* കാറ്റുള്ളപ്പോൾ പാറ്റണം
* ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ
* വാളെടുത്തവൻ വാളാൽ നശിക്കും
* മരുന്നും വിരുന്നും മൂന്നുനാൾ
* ചുണ്ടങ്ങാ കൊടുത്ത് വഴുതനങ്ങ വാങ്ങുക
* കഴിച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ


# പുതുമഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ
ഒടുവിലായി മാരി പെയ്തു
ഇടതടവില്ലാത്ത പേമാരിയായി
പുഴകവിഞ്ഞു പുരനിറഞ്ഞു
മലയും പുഴയുമൊന്നായി
ശിഥില കിനാക്കളായി മാറി
മുറ്റത്തുള്ളോരോ തേന്മാവ് കടപൊഴകി
തൊടി കടന്ന്
അകലയായി കടലിലായി
ഹൃദയങ്ങൾ കനിവുതേടുന്നു
അകലെയായി
മഴമേഘപാളി അടർന്നടർന്ന് ശമിക്കാതെ
അഴലകറ്റി കനിവേകണെ ...



# ഞാനറിയാതെ

അറിയാതെ അറിയാതെ കഴിഞ്ഞു പോയോ
ഈ വത്സരം
ഇങ്ങനെ ഇങ്ങനെ എങ്ങോട്ടു നീ ഒഴുകിയിറങ്ങുന്നു എൻ മനമേ
മനസിന്റെ ചുരുളഴിയുന്നു ജീവിതത്തിലെ ഒരു അരുവിപോലെ
ഞാൻ അലയുന്നു
എങ്ങോട്ടെന്നില്ലാത്ത യാത്ര
എവിടെ അവസാനിക്കും എന്നറിയാതെ ഞാൻ ഒഴുകി മറയുന്നു
മായുന്ന ദിനങ്ങളിൽ ചിരാതിൻ  സ്വപ്നമായി ഞാൻ അലിയുന്നു
എൻ മനമേ നീ എങ്ങോട്ട്
ജീവന്റെ പാതി നിൻ മേലിൽ ഉദിക്കുന്നു എൻ സൂര്യ –
മനസിൻ ഇരുളിൽ ഞാൻ മൂടിയിരിക്കുന്നു എൻ ജീവനെ
മനുഷ്യ രക്തങ്ങളിൽ കരളിയുന്നു
ശബ്ദമായി ഞാൻ അലിയുന്നു
എവിടേക്കെന്നറിയാതെ തീരങ്ങളില്ലാത്ത
കടലിനെപ്പോലെ
ജീവന്റെ തുടിപ്പിൽ നിശ്വാസമായി
ഞാൻ അലയുന്നു
ഒരു കാറ്റായി ഒരു സ്പന്ദനമായി





**SACHIN SAJI**
**8 C**

## രിക്കുസുത്താക്കയിലെ പൈൻ മരം

ഒരുവശത്ത് കടലും തീരം നിറയെ പതിനായിരക്കണക്കിന് പൈൻ മരങ്ങളുമുണ്ടായിരുന്ന ഒരു മുക്കുവ ഗ്രാമമായിരുന്നു ഇവാത്ത തീരത്തെ രിക്കുസുത്താക്ക. ഫലഭൂയിഷ്ടമായ മണ്ണും നെൽ പാടങ്ങളും മുന്തിരിത്തോട്ടങ്ങളും നിറഞ്ഞ ആ ഗ്രാമത്തെ 2011ലെ സുനാമി ഒരു പാഴ്നിലമാക്കി. ശാന്ത സമുദ്രത്തിലെ  കാറ്റേറ്റ് നിന്നിരുന്ന എഴുപതിനായിരത്തിലധികം പൈൻ മരങ്ങളെ നിമിഷങ്ങൾക്കകം സുനാമി നിലം പതിപ്പിച്ചു. മഞ്ഞു പെയ്ത വെളിച്ചം പോയ ആ കറുത്ത രാത്രിക്ക് ശേഷം ആരെങ്കിലും ബാക്കി ഉണ്ടോയെന്ന് നോക്കാനായി വന്ന ഹെലികോപ്റ്റർ റെസ്ക്യൂ ടീം അന്തിച്ചു പോയി.  പ്രകൃതിയും മനുഷ്യനും തോറ്റിടത്ത് ഒരു മരം മാത്രമുണ്ട് തലയുയർത്തി നിൽക്കുന്നു. മൂന്നു സുനാമികളെ അതിജീവിച്ച 170 വർഷം പ്രായമുള്ള 26 മീറ്റർ ഉയരമുള്ള ഒരു പൈൻ മരം.സുനാമിത്തിരകളുടെ ഉപ്പ് വെള്ളം വേര് തൊട്ടു ഉച്ചി വരെ മൂടിയിട്ടും ആ മരം വീണ്ടും ജീവിച്ചു. സ്വന്തക്കാരും വീടും സ്വത്തും നഷ്ടപ്പെട്ട മനുഷ്യരെ പ്രചോദിപ്പിച്ചുകൊണ്ട് ആ മരം ജപ്പാനിലെ അതിജീവനത്തിന്റെ സ്മാരകമാണ്.ഇളം തിരകൾ ഓടി വന്നു തീരത്തെ ഉമ്മവച്ചു പോകുന്ന ശാന്തനായ നീലക്കടലിനരികിൽ നിൽക്കുന്ന പൈൻ മരത്തെ പോലെ തലയുയർത്തി നിൽക്കുകയാണ് ഗവൺമെന്റ് ഹൈസ്കൂൾ പേരിയ. നേരിൽ കുളിർത്തലിഞ്ഞ  തേരോട്ടത്തിന്റെ കഥകൾ നാരായം കൊണ്ട് എഴുതപ്പെട്ട നാടാണ് പേരിയ. കുളിരും തോരാത്ത മഴയും ഭീതി വിറപ്പിച്ചിട്ടും പതറാതെ തളരാതെ മുന്നോട്ട് നീങ്ങിയ ഒരു ജനതയുടെ കഥ പറയുന്ന നാട്.കല്ലും മുള്ളും നിറഞ്ഞ  ജീവിതപാതകളിൽ അടിതട്ടാതെ ജീവിതത്തിന്റെ കടുത്ത പാറക്കെട്ടുകളിൽ തളരാതെ നമ്മൾ ഓരോരുത്തരും പ്രതീക്ഷകളുടെ പൈൻ മരങ്ങൾ ആകട്ടെ എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്  നിർത്തട്ടെ.



# ചെമ്പരത്തി ...



അവളൊരു കവിതയായിരുന്നു
എല്ലാ മാസവും വസന്തം
തേടിയെത്താറുള്ള ചോര ചുവപ്പുള്ള
ഒറ്റ വരി കവിത
വെള്ളമൊഴിച്ചും വളമിട്ടും
ഞാൻ വളർത്തിയ റോസാപ്പൂവിന്ന്
കൊഴിഞ്ഞപ്പോളാണ്
കൊടും വേനലിൽ തളരാതെ
പുഞ്ചിരിച്ചു കൊണ്ട് ചുവന്നു തുടുത്തു
വളർന്ന ചെമ്പരത്തി നീയൊരു കവിതയാണ് ...
ഇത്രമേൽ സുന്ദരമായ നിന്നെ
എന്തിനു ഭ്രാന്തിൻ പൂവാക്കി മാറ്റി ...
പൂക്കുക നീ ...
ചൂടാൻ എടുക്കില്ലെന്നറിയാമെങ്കിലും
പൂക്കുക നീ ...
ആരെയാണ് നീ അത്രമാത്രം പ്രണയിച്ചത് ..
ഇത്രമാത്രം ഭ്രാന്തിന്റെ മുദ്രയായി
ഭ്രാന്തമായ പ്രണയത്തെ സൂചിപ്പിക്കാൻ
നീ തന്നെടി പ്രയോജിതം..നീ ഒരു കവിതയാണ്
അത് ഒഴുകി ഒഴുകി എന്നെ തലോടട്ടെ .....

# ഞാവൽ മരം



തേൻമല കാട്ടിൽ ഒരു മുത്തശ്ശി മാവ് ഉണ്ടായിരുന്നു.തൊട്ടപ്പുറത്തു ശക്തനായ ഞാവൽ മരവും ഉണ്ട്.മുത്തശ്ശി മാവിൽ ധാരാളം പക്ഷികൾ കൂടൊരുക്കിയിട്ടുണ്ട്.എന്നാൽ ഞാവൽ മരം ആരോടും കൂട് കൂട്ടിയില്ല.വലിയ വിഷമത്തിൽ ആയിരുന്നു.അങ്ങനെയിരിക്കെ ഒരു തത്ത ആ മരത്തിൽ വന്നിരുന്നു.എന്നാൽ ഞാവൽ മരം മിണ്ടിയില്ല.തത്തമ്മ ചോദിച്ചു നീ എന്താ എന്നോട് മിണ്ടാത്തത് ? എനിക്ക് ഈ കാട്ടിൽ ജീവിക്കണ്ടായിരുന്നു.നാട്ടിൽ മനുഷ്യരുള്ള സ്ഥലത്തു വേണം താമസിക്കാൻ.അപ്പോൾ തത്ത പറഞ്ഞു എന്തിനാ നീ അങ്ങനെ ഒക്കെ ചിന്തിക്കുന്നത് ? ഈ കാട്ടിൽ നിനക്കു സമാധാനത്തോടെ ജീവിക്കാമല്ലോ. നാട്ടിലെ മനുഷ്യർ കാടൊക്കെ വെട്ടി നശിപ്പിക്കാൻ തുടങ്ങി.അവിടുള്ള പക്ഷികളൊക്കെ വളരെ വിഷമത്തിലാണ്.നമ്മൾ ഉൾക്കാട്ടിൽ ആയതുകൊണ്ടല്ലേ കുഴപ്പമില്ലാത്തതു.നീ എല്ലാവരോടും കൂട്ട് കൂടി വളരെ സമാധാനത്തോടെ ജീവിക്കാമല്ലോ.പക്ഷെ  ഞാവൽ മരത്തിനു അതൊന്നും കേട്ട ഭാവമേ ഇല്ല.അങ്ങനെ മഴക്കാലം വന്നു.മുത്തശ്ശി മാവ് കടപുഴകി വീണു.അതിൽ താമസിച്ചിരുന്ന കിളികൾ സങ്കടം കൊണ്ട് ഞാവൽ മരത്തെ സമീപിച്ചു.ഞങ്ങൾ ഇവിടെ കൂടു കൂട്ടിക്കോട്ടെ എന്ന് അപേക്ഷിച്ചു.ഞാവൽ മരത്തിനു അത് ഇഷ്ടമായില്ല.എങ്കിലും അവരുടെ കരച്ചിൽ കേട്ട് മനസില്ല മനസോടെ സമ്മതിച്ചു,ആദ്യമൊക്കെ കിളികളുടെ കരച്ചിൽ അസഹ്യമായി തോന്നി എങ്കിലും കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഞാവൽ മരവും കിളികളും കൂട്ട് കൂടി.ഞാവൽ മരത്തിലെ കായകൾ പഴുത്തതോടെ കിളികൾക്കെല്ലാം ഉത്സവമായി.കിളികളോടൊപ്പം ഞാവൽ മരവും സന്തോഷിച്ചു .....

# ആഘോഷങ്ങളിലൂടെ

## ഓണാഘോഷം





## സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം







